
കെ എൻ എം ഗവ. എച്ച് എസ്, കവിയൂർ
മുത്തുമണികൾ
little KITEs
LK/37017/2018
e - എഴുത്തുകൾ 2018-2019

ചീഫ് എഡിറ്റർ
സിസമ്മ ജോസഫ്

എക്സിക്യൂട്ടീവ് എഡിറ്റർ

സരസമ്മ കെ. ആർ
രാധാകൃഷ്ണൻ നായർ

പത്രാധിപസമിതി

ഇന്ദ്രജിത്ത്
ബിജു ബാബു
ഫേബതങ്കച്ചൻ
അശ്വതികൃഷ്ണ

കവർ

കെസിയമോൾ സാബു

മുത്തുമണികൾ -കെ എൻ എം സ്കൂൾ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

## ഉള്ളടക്കം


1.ആശംസ -സിസമ്മ ജോസഫ്,HM............................................................3

2.ആമുഖം-സരസമ്മ കെ ആർ, രാധാകൃഷ്ണൻ നായർ,Kite Masters..............................4

3.സൈബർ സുരക്ഷ -ഇന്ദ്രജിത്ത്.................................................................5

4.ശാന്തമ്മയുടെ കാത്തിരിപ്പ് -ഫേബാതങ്കച്ചൻ ............................................................7

5.പഴഞ്ചൊല്ലും പൊരുളും -കെസിയമോൾ..................................................................8

6. ശങ്കരൻകുട്ടിയുടെ ജീവിതം -ജിഷ്ണ..................................................................9

7.ശങ്കരൻകുട്ടിയും കുടുംബവും -അഖിൽകുമാർ.................................................................10

8.ജീവിതം -പവിത്ര......................................................................................11

9.കല്യാണം - ഫേബിൻതങ്കച്ചൻ........................................................................12

10.ശാന്തമ്മയുടെ വിധി -അബിന.............................................................................13

11.ഇ-മെയിൽ -നന്ദുകൃഷ്ണ........................................................................................14

12.ശങ്കരൻകുട്ടിയും ശാന്തമ്മയും -അമൽ രാജ്..................................................................15

13.താളം തെറ്റിയ ജീവിതം ൃബിജ്ജ ബാബു.................................................................................16

14.ജീവിതം ഒരു പാഠം -ജിൻസി.............................................................................................17

15.ഇമോജി -അഭിരാം...........................................................................................................18

16.ബന്തിപ്പൂ വിശേഷങ്ങൾ-അപർണപിഎസ്...........................................................................................19

17.ജൈവകൃഷിയിൽ മുന്നേറാ-അശ്വതികൃഷ്ണ............................................................................20

# ആശംസ

**ലി**റ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികളുടെ "മുത്തുമണികൾ " എന്ന ഡിജിറ്റൽ മാഗസിൻ എല്ലാ ആശംസകളും നേരുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഈ കാലത്ത് പൊതുവിദ്യാലയങ്ങളിലെ കുട്ടികളും e-learning ഒട്ടും പിന്നിലല്ല എന്നു തെളിയിക്കുവാൻ Littlekites കുടുംബത്തിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സിസമ്മജോസഫ്

ഹെഡ്മിസ്ട്രസ്സ്

# ആമുഖം

**പൊ**തുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാലയങ്ങളെല്ലാം ഹൈടെക്കായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കുട്ടകിൾക്കു ലഭിച്ച സുവർണ്ണാവസരമാണ് Littlekites കൂട്ടായ്മ. ഡിജിറ്റൽ സാങ്കേതികവിദ്യയിൽ സാധാരണക്കാരായ കുട്ടികളെയും മുന്നോട്ടുകൊണ്ടുവരാൻ ഈ പദ്ധതിക്കു കഴിയും. കുട്ടികൾ തയ്യാറാക്കിയ **'മുത്തുമണികൾ'** എന്ന ഈ ഡിജിറ്റൽ മാഗസിന് ഒരുപാട് മേന്മകളൊന്നും അവകാശപ്പെടാനില്ല. എങ്കിലും മലയാളം കമ്പ്യൂട്ടിംഗ് , എഡിറ്റിംങ് തുടങ്ങിയ മേഖലകളിലും ഇമേജ് എഡിറ്റിംങ്ങിലും കുട്ടികളുടെ ആദ്യചുവടുവെയ്പാണ് ഈ മാഗസിന്റെ പ്രവർത്തനങ്ങളിലൂടെ കാണാൻ കഴിയുന്നത്. കൊടിയേറ്റം എന്ന സിനിമയുടെ തിരക്കഥയെ അടിസ്ഥാനമാക്കി കുട്ടികൾ രചിച്ച നറുങ്ങുകഥകളാണ് ഈ മാഗസിനിൽ ഏറിയ പങ്കും. കുട്ടികളുടെ ആദ്യത്തെ സംരംഭം എന്ന നിലയിൽ ഇതിന്റെ പോരായ്മകൾ സദയം പൊറുക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ മാഗസിൻ ഏവരുടേയും മുമ്പിൽ സമർപ്പിക്കട്ടെ.


എന്ന്,

സ്നേഹത്തോടെ

സരസമ്മ കെ.ആർ -കൈറ്റ്മിസ്ട്രസ്സ്

രാധാകൃഷ്ണൻ നായർ-കൈറ്റ്മാസ്റ്റർ

# <u>സൈബർ സുരക്ഷ</u>



**ഇന്ദ്രജിത്ത്**

ഇന്റർനെറ്റിന്റെയും സോഷ്യൽ നെറ്റർവർക്കിങ് സൈറ്റുകളുടേയും ഉപയോഗത്തെക്കുറിച്ച് നമുക്കറിയാം.ആശയവിനിമയത്തിനും വിനോദത്തിനും അറിവുനേടുന്നതിനുമെല്ലാം ഇവയുടെ അനന്തസാധ്യത നമുക്കറിയാം. എന്നാൽ ഇന്ന് വിദ്യാർത്ഥിക്കളും കൗമാരക്കാരും സോഷ്യൽമീഡീയായുടെ ചൂഷിതവസലയത്തിൽപ്പെടുന്നതായി നാം കാണുന്നു. ഇത്തരത്തിൽ ഇരകളാകുന്നത്തിൽ നിന്നും സ്വയം രക്ഷനേടുന്നതിനും ഓരോരുത്തർക്കും കഴിയണം. ഇതിനായി ഓൺലൈൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ചില സുരക്ഷമാർഗങ്ങൾ നാം സ്വീകരിക്കണം.

**സോഷ്യൽ നെറ്റർവർക്കിങ് സൈറ്റുകൾ അപകടകാരികൾ ആകുന്നത് എപ്പോൾ?**

1. ഒരാളുടെ സ്വകാര്യവിവരങ്ങളെല്ലാം പോസ്റ്റ് ചെയ്യുകയോ ഷെയർച്ചെയ്യുകയോ ചെയ്യുമ്പോൾ; പ്രത്യേകിച്ച് ഫോൺനമ്പർ ,വിലാസം, ,സ്ഥലം,ഫോട്ടോ തുടങ്ങയിവ.
2. ഒരാളുടെ പ്രൊഫൈൽ കണ്ട് അയാളെ വിശ്വസിക്കുമ്പോൾ; മിക്കപ്പോഴും നൽകിയിട്ടുള്ള പ്രൊഫൈൽ വ്യാജവും അസത്യവുമായിരിക്കും.
3. ചാറ്റിന്റെ സ്നാപ്പ് ഷോട്ടുകൾ,ഫോട്ടോകൾ,വീഡിയോകൾ എന്നിവ സേവ് ചെയ്യുന്നതും ഭാവിയിൽ അത് ബ്ലാക്ക്മെയ്യിലിങ്ങിനും ഭിഷണിക്കും ഉപയോഗിക്കുമ്പോൾ.
4. ഒരാളുടെ വ്യക്തിത്വം കളങ്കപ്പെടുത്താൻ ഉദ്ദേശിച്ച് തെറ്റായ വിവരങ്ങൾ കമ്മന്റുകൾ, പോസ്റ്റുകൾ, ഫോട്ടോകൾ എന്നിവയിലൂടെ സൈബർ ഭീഷണി ഉയർത്തുമ്പോൾ.

**സുരക്ഷിതമായ സോഷ്യൽനെറ്റവർക്കിങ്ങിനുള്ള നിർദ്ദേശങ്ങൾ**

1. നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ വ്യക്തിപരമായി സൂക്ഷിക്കുക.

2.നിങ്ങളുടെ private settings customise ചെയ്യുക.മറ്റുള്ളവർക്ക് നിങ്ങളുടെ basic info മാത്രം കാണാൻ അവസരം നൽകുക.

3. നിങ്ങളുടെ സുഹൃത്തുക്കളെ അറിയുക എന്നതിൽ മാത്രം ചുരുക്കുക. ഓൺലൈൻ സൂഹൃത്തുക്കളെ വിശ്വസിക്കാതിരിക്കുക, സന്ദർശനം മാത്രമായി ചുരുക്കുക.

4. ഇഷ്ടമില്ലാത്ത പോസ്റ്റുകൾ കണ്ടാൽ അതൃപ്തി അറിയിക്കുക.

5.നിങ്ങളെ തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള സ്വകാര്യ വിവരങ്ങൾ പോസ്റ്റുചെയ്യാതിരിക്കുക.

6.ശക്തിയുള്ള  പാസ്വേഡുകൾ ഉപയോഗിക്കുക. അവ നിങ്ങളുടെ സുഹൃത്തുക്കൾക്ക് ഷെയർ ചെയ്യാതിരിക്കുക.

7. നിങ്ങളുടെ ചിത്രങ്ങൾ , ഇ-മെയിൽ വിവരങ്ങൾ മുതലയാവ ഷെയർ ചെയ്യാതിരിക്കുക, നിങ്ങളുടെ സ്വകാര്യ സന്ദേശങ്ങൾ സ്വകാര്യമായി വയ്ക്കുക. ഒരിക്കൽ പോസ്റ്റ് ചെയ്താൽ അത് പ്രസിദ്ധമാകും.

## സൈബർ സുരക്ഷയ്ക്കുള്ള ചില പ്രധാന ഫോൺനമ്പറുകൾ

ക്രൈമംസ്റ്റോപ്പർ :**1090**

ചൈൽഡ് ഹെൽപ്പ് ലൈൻ **:1098/1517**

കൺട്രോൾ റൂം **:100**

# <u>ശാന്തമ്മയുടെ കാത്തിരിപ്പ്</u>

<u>ഫേബാതങ്കച്ചൻ</u>

ഒരു വിശാലമായ നാട്.നിറച്ചും നെൽപ്പാടങ്ങൾ അതിനപ്പുറത്ത് ഒരുപാട് വീടുകൾ.അവിടെയാണ് ശങ്കരൻകുട്ടിയും ശാന്തമ്മയും കഴിയുന്നത്. ശങ്കരൻകുട്ടി വല്ലപ്പോഴും വീട്ടിൽ വരും ഭാര്യയ്ക്കും കുഞ്ഞിനും ഒരുപാട് സാധനങ്ങൾ കൊണ്ടുവരും അവരുസുഖമായി ജീവിച്ചു. ഒരിക്കൽ അവർക്ക് അവിടെ നിന്നു പോവേണ്ടിവന്നു. അവർ ഒരു കടൽത്തീരത്തുവന്നു താമസിച്ചു. അവരുടെ ജോലിയും നഷ്ടപ്പെട്ടതോടുകൂടി പട്ടിണിയിലായി. കുഞ്ഞിനുകൊടുക്കാൻപോലും ഒന്നുമില്ല. ശാന്തമ്മയ്ക്ക് ദേഷ്യവും സങ്കടവും സഹിക്കാൻ വയ്യാതെ ശങ്കരൻകുട്ടിയോട് എന്തെങ്കിലും ജോലിക്ക് പോ ഇനിയും നാണമില്ലാതെ ഇവിടെ ഇരിക്കാനാണോ .ശങ്കരൻക്കുട്ടിയെ വളരെ അപമാനിച്ചു.ശങ്കരൻകുട്ടി വീട്ടിൽ നിന്നും പോയി. പലമാസങ്ങൾ കടന്നുപോയി എന്നിട്ടും ശങ്കരൻകുട്ടി വന്നില്ല. അവൾ ശങ്കരൻക്കുട്ടിക്കുവേണ്ടി ഇപ്പോഴും കാത്തിരിക്കുകയാണ്.

# പഴഞ്ചൊല്ലും പൊരുളും

കെസിയമോൾ



നമ്മുടെ സംസ്കാരത്തിന്റെയും ജീവിതരീതിയുടെയും പാദമുദ്രകൾ വീണു കിടക്കുന്ന അക്ഷയഖനിയാണ് പഴമൊഴിൾ. കൃഷി ,ആരോഗ്യം ,ഭക്ഷണം ആചാരാനപഷ്ഠാനങ്ങൾ എന്നിങ്ങനെ നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാത്തിനേയും കുറിച്ചുള്ള പഴമൊഴികളുണ്ട്.

**ഭക്ഷണം**

**നുറുക്കിനിന്നാൽ നൂറുവയസ്-** ഭക്ഷണം നന്നായി ചവച്ചരച്ച് കഴിക്കണം എന്നാണ് ഇതിന്റെ അർത്ഥം.

**മുരിങ്ങയുണ്ടെങ്കിൽ മരുന്നുവേണ്ട** -മുരിങ്ങയില കണ്ണുകൾക്ക് അത്യുതമ്മമാണ് മുരിങ്ങയിലയിൽ ധാരാളം വൈറ്റമിനുകൾ അടങ്ങിട്ടുണ്ട് .മുരിങ്ങയില കരോട്ടിന്റെ കലവറയാണ്.

**ആരോഗ്യം**

**മരുന്നും വിരുന്നും മൂന്നുനേരം**

ഒരു നേരം മരുന്നുകഴിച്ചിട്ട് അസുഖം മാറിയില്ല എന്ന് പറഞ്ഞിട്ട് കാര്യമില്ല .ഒരു നേരം മരുന്നുകഴിച്ചാൽ ആറു മണിക്കൂറാണ് അതിന്റെ പ്രവർത്തനം .അപ്പോൾ ദിവസം മുഴവൻ മരുന്നിന്റെ ഫലം കിട്ടണമെങ്കിൽ മൂന്നുനേരം മരുന്നുകഴിക്കണം. പിന്നെ വിരുന്നിന്റെ കാര്യം.മറ്റൊരു വീട്ടിൽ നിന്ന് മൂന്നുനേരത്തിൽ കൂടുതൽ ഭക്ഷണം കഴിക്കരുത്. കഴിച്ചാൽ അത് അനൗചിത്യമാണ് എന്ന് കൂടിയാണ് ഈ പഴമൊഴി സൂചിപ്പിക്കുന്നത്.അതായതാ ഒരു ദിവസത്തിൽ കൂടുതൽ ഒരു വീട്ടിൽ തങ്ങരുത് എന്നർത്ഥം.

**കൃഷി**

**ഉഴുതുവരുന്നവനെ തൊഴണം**

കാർഷികവൃത്തിയുടെ അന്തസ്സ് ഉയർത്തികാട്ടുന്ന പഴമൊഴിയാണിത്.

**ഭക്ഷണം മരുന്നുപോലെ ശ്രദ്ധയോടെ കഴിക്കണം**

**അല്ലെങ്കിലോ മരുന്നു ഭക്ഷണം പോലെ കഴിക്കേണ്ടി വരും.**

# ശക്കരൻക്കുട്ടിയുടെ ജിവിതം

ജിഷ്ണു

മനോഹരമായ ഒരു ഗ്രാമം ആ ഗ്രാമത്തിൽ ശങ്കരൻകുട്ടി എന്നപേരുള്ള ഒരു വ്യക്തി ,അദ്ദേഹത്തിനു കുട്ടികളുടെ മ നസ്സിയിരുന്നു. ഈ കാര്യംകൊണ്ട് ശങ്കരന് ജോലി ഒന്നും കിട്ടിയില്ല.അദേഹത്തിൻറെ അഛൻ വാസുദേവൻ ഉഴപ്പ് മാററ്റെ എന്നുകരുതി ഒരു കല്ല്യാണം കഴിപ്പിച്ചു. എന്നിട്ടും ഉഴപ്പു മാറിയില്ല. ആ കാരണം
കൊണ്ട് അവൻ്റെ ഭാര്യ അവനേ വിട്ട് സ്വന്തം വിട്ടിൽ പോയി . ശക്കരൻക്കുട്ടിക്ക് ഒരു കുഞ്ഞുണ്ടായി.
അപ്പോൾ ശന്തമ്മയെ തിരിച്ചുവിളിച്ചുകൊണ്ട് വാരാൻ തിരുമാനിച്ചു. പക്ഷെ ഭാര്യ വന്നില്ല. കുറച്ച് ദിവസം
കഴിഞ്ഞപ്പോൾ ശക്കരൻകുട്ടിക്ക് വിഷമം കൊണ്ട് അവൻ ഒരു കയറിൽ തുങ്ങി മരിച്ചു .



# *ശങ്കരൻകുട്ടിയും കുടുംബവും*

*അഖിൽകുമാർ*



**മ**നോഹരമായ ഗ്രാമത്തിൽ ശാന്തമ്മ എന്ന ഒരു അമ്മയും അവരുടെ കുഞ്ഞും മടിയനായ ശങ്കരൻകുട്ടി എന്ന ഒരുഭർത്താവും ശാന്തമ്മയ്ക്ക് ഉണ്ടായിരുന്നു. അവൻ ജോലിക്ക് പോയാൽ പണം വീട്ടിൽ കൊടുക്കുകയില്ല. അതിനാൽ ശാന്തമ്മ ശങ്കരൻകുട്ടിയോട് പിണങ്ങിപ്പോയി. ശാന്തമ്മയുടെ അമ്മ ഭവാനിയമമയും അച്ഛൻ തങ്കപ്പനും ആയിരുന്നു.അതിനാൽ ഒരു ദിവസം ശാന്തമ്മയെ വിളിച്ചുകൊണ്ടുവരാൻ ശങ്കരൻകുട്ടിയോട് അമ്മ വൽസല പറഞ്ഞു. ശങ്കരൻകുട്ടി ശാന്തമ്മയുടെ വീട്ടിൽപോയപ്പോൾ അവൻറെ കൈയിൽ ഒരു പൊതി ഉണ്ടായിരുന്നു ഭാവാനി അമ്മ ശങ്കരൻകുട്ടിയെ ഊണ് കഴിക്കാൻ വിളിച്ചു. അപ്പോൾ അവൻ വേണ്ട എന്നു പറഞ്ഞു. അവസാനം .ശങ്കരൻകുട്ടി മരിച്ചു. ശന്തമ്മയും കുഞ്ഞുംഅനാഥരായി.

# _ജീവിതം

## പവിത്ര



**ഒ**രു ഗ്രമത്തിലാണ് ശങ്കരൻകുട്ടി താമസിക്കുന്നത്.ശങ്കരൻകുട്ടിക്ക് ഭാര്യയുണ്ടായിരുന്നു. അവർക്ക് ഒരു കുഞ്ഞുണ്ടായിരുന്നു.

ശങ്കരൻകുട്ടിക്ക് കലിപ്പണി ആയിരുന്നു.ശാന്തമ്മക്ക് വിട്ട് ജോലിയാണ്.

ആ കുഞ്ഞിനെ നോക്കാൻ അരുമില്ലയിരുന്നു.

അങ്ങനേയിരിക്കുമ്പോൾ ശങ്കരൻകുട്ടിയുടെ അമ്മ വീട്ടിലെക്ക് വന്നു.

ശങ്കരൻകുട്ടിയും ശാന്തമ്മയും ജോലിക്ക് പോകുമ്പോൾ ശങ്കരൻകുട്ടിയുടെ അമ്മയാണ് ആ കുഞ്ഞിനെ നോക്കുന്നത്.

ആ അമ്മക്ക് തീരെവയ്യായിരുന്നു. എന്നിട്ടും ആ അമ്മ കുഞ്ഞിനെ നോക്കുന്നു.

ശങ്കരൻകുട്ടിയും ശാന്തമ്മയുടെയും മകൻ പഠിച്ച് ജോലികിട്ടി.

അതോടെ അവർ സന്തോഷത്തോടെ ജിവിക്കുന്നു.




ശങ്കരൽകുട്ടിയുടെ കല്യാണം

ഫെബിൻ തങ്കച്ചൻ

ശാന്തമായ നല്ല ഒരു ഗ്രാമത്തിൽ ശങ്കരൻകുട്ടിയും ശാന്തമ്മയും അവരുടെ കുഞ്ഞും ജീവിച്ചിരുന്നു. ശങ്കരൻകുട്ടിയുടെ ജോലി ലോറിയിൽ ക്ളീനറായിരുന്നു. ശാന്തമ്മ അവളുടെ കുഞ്ഞിനെ നോക്കി ആ വീട്ടിൽ കഴിയുകയായിരുന്നു. ശാന്തമ്മയുടെ അമ്മയുടെ പേര് ഭവാനി എന്നായിരുന്നു. ശാന്തമ്മയും ശങ്കരൻകുട്ടിയും കല്യാണം കഴിച്ചു. പതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ ശാന്തമ്മയ്ക്ക് മനസ്സിലായി ശങ്കരൻകുട്ടി ഉത്തരവാദിത്തം ഇല്ലാത്ത ഒരു മനുഷ്യനാണെന്ന്. അപ്പോൾ ശാന്തമ്മയും ശങ്കരൻകുട്ടിയും പിരിഞ്ഞു പോയി . ശാന്തമ്മ അവരുടെ കുഞ്ഞിനെനോക്കി കവിഞ്ഞുകൂടി.

ഒരു ദിവസം ശങ്കരൻകുട്ടി ശാന്തമ്മയും കുഞ്ഞും താമസിച്ചിരുന്ന വീട്ടിൽ വന്നു .ശങ്കരൻകുട്ടിയുടെ കൈയിൽ ഒരു പൊതി ഉ ണ്ടായിരുന്നു. ശങ്കരൻകുട്ടി വീട്ടിൽ കയറി ശാന്തമ്മയ്ക്ക് ആ പൊതി കോടുത്തു തിരികെ പോയി . അവിടെ ശങ്കരൻകുട്ടിയും ശാന്തമ്മയും ഒരുമിച്ചു ജീവിച്ചു.



# ശാന്തമ്മയുടെ  വിധി

അഭിന എസ്



ശങ്കരൻകുട്ടി ഒരു  ഗ്രമത്തേിലാണ് താമസിക്കുന്നത്ത് .ശങ്കരൻകുട്ടിയുടെ വിട്ടിൽലാണ് ഭാര്യയും കുഞ്ഞും താമസിക്കുന്നത് .ശങ്കരൻകുട്ടി  വിട്ടിൽ വരാറില്ല . ശാന്തമ്മ വിട്ടുവേല ചെയ്യുതാണ് കഴിയുന്നത്.അങ്ങനെയിരിക്കെ ഒരു ദിവസം ശങ്കരൻകുട്ടി വിട്ടിലെക്ക് വന്നു . കുഞ്ഞുണ്ടായിട്ട് ഇതുവരെ  ശങ്കരൻകുട്ടി വിട്ടിൽ വന്നിട്ടില്ല. ആദ്യമായിട്ടാണ്കുഞ്ഞിനെകാണാൻ പോകുന്നത്. വിട്ടിൽ വന്ന ശങ്കരൻകുട്ടി കുഞ്ഞിനെ കണ്ടു .മനോഹരമായ ആ മുഖം കണ്ട് ശങ്കരൻകുട്ടിക്ക് മനം മാറ്റം സംഭവിച്ചു. ശങ്കരൻകുട്ടി എന്നും വിട്ടിൽ വരാനും ജോലിക്കുപോകാനും തുടങ്ങി. അങ്ങനെ കുറച്ചു മാസങ്ങൾക്ക് ശേഷം ജോലികഴിഞ്ഞു വരുന്ന വഴിക്ക് ഒരു വാഹനാപകടത്തിൽ ശങ്കരൻകുട്ടി മരിച്ചു .

ൽ

ത്

# ഇ -മെയിൽ
## നന്ദു കൃഷ്ണ

ഇലക്ട്രോണിക് മെയിൽ എന്നതിന്റെ ചുരുക്കപ്പേരാണ് ഇ-മെയിൽ . ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ച് ഇന്റർനെറ്റ് വഴി സന്ദേശങ്ങൾ അയക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സംവിധാനമാണിത്. സന്ദേശങ്ങൾക്കൊപ്പം ചിത്രം, ശബ്ദം ,ചലച്ചിത്രം എന്നിവയൊക്കെ ഇതിലൂടെ കൈമാറാൻ കഴിയും. സൗജന്യമായും അല്ലാതെയും ഇ-മെയിൽ വിലാസം നൽകുന്ന സേവനദാതാക്കളുണ്ട്. ഉദാ: ജിമെയിൽ ,യാഹൂ മെയിൽ , റിഡിഫ് മെയിൽ .ലോകത്ത് എവിടെ നിന്നും ഇ-മെയിൽ വഴി അയക്കുന്ന കത്തുകൾ സ്വീകർത്താവിന്റെ വിലാസത്തിൽ സൂക്ഷിക്കപ്പെടും .ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും പാസ്വേഡ് ഉപയോഗിച്ച് ഇ-മെയിൽ തുറന്ന് കത്തുകളും അനുബന്ധമായി അയക്കുന്ന രേഖകളും പരിശോധിക്കാനും വായിക്കാനും കഴിയും.

## CAPTCHA

**ഇ-**മെയിൽ വിലാസം ലഭിക്കാനായി നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ നൽകിയപ്പോൾ ചിത്രം 3.2 ൽ കാണുന്നതുപോലെ ചില അക്കങ്ങളോ അക്ഷരങ്ങളോ ടൈപ്പ് ചെയ്തു നൽകാൻ നിർദേശിച്ചിരിക്കുന്ന ശ്രദ്ധിച്ചു കാണുമെല്ലോ .ഇതിനെ CAPTCHA എന്നു പറയും.'Completely Automated Public Turing test to tell Computers and Human Apart" .എന്നതിന്റെ ചുരുക്കമാണ് കാപ്ച . ഉപയോക്താവ് ഒരു മനുഷ്യൻ തന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനയാണിത്. വെബ് സൈറ്റുകളിൽ നുഴഞ്ഞുകയറാൻ ഉപോഗിക്കുന്ന ഓട്ടോമെറ്റഡ് പ്രോഗ്രാമുകളിൽ നിന്ന് രക്ഷനേടാനാണ് സാധാരണയായി കാപ്ച ഉപയോഗിക്കുന്നത്.

## ശങ്കരൻകുട്ടിയും ശാന്തമ്മയും

## അമൽ രാജ്

ശാന്തമായ നല്ല ഒരു ഗ്രാമത്തിൽ ശങ്കരൻകുട്ടിയും ശാന്തമ്മയും അവരുടെ കുഞ്ഞും ജീവിച്ചിരുന്നു. ശങ്കരൻകുട്ടിയുടെ ജോലി ലോറിയിൽ ക്ലീനറായിരുന്നു. ശാന്തമ്മ അവളുടെ കുഞ്ഞിനെ നോക്കി ആ വീട്ടിൽ കഴിയുകയായിരുന്നു. ശാന്തമ്മയുടെ അമ്മയുടെ പേര് ഭവാനി എന്നായിരുന്നു. ശാന്തമ്മയും ശങ്കരൻകുട്ടിയും കല്യാണം കഴിച്ചു. പതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ ശാന്തമ്മയ്ക്കു മനസ്സിലായി ശങ്കരൻകുട്ടി ഒരു ഉത്തരവാദിത്തം ഇല്ലാത്ത ഒരു മനുഷ്യനാണെന്ന് . അപ്പോൾ ശാന്തമ്മയും ശങ്കരൻകുട്ടിയും പിരിഞ്ഞു പോയി . ശാന്തമ്മ അവരുടെ കുഞ്ഞിനെനോക്കി

ഒരു ദിവസം ശങ്കരൻകുട്ടി ശാന്തമ്മയും കുഞ്ഞും താമസിച്ചിരുന്ന വീട്ടിൽ വന്നു. ശങ്കരൽകുട്ടിയുടെ കൈയിൽ ഒരു പൊതി ഉണ്ടായിരുന്നു. ശങ്കരൻകുട്ടി വീട്ടിൽ കയറി ശാന്തമ്മയ്ക്ക് ആ പൊതി കൊടുത്തു . തിരികെപ്പോയി . അതിനുശേഷം ശങ്കരൻകുട്ടിയും ശാന്തമ്മയും ഒരുമിച്ചു ജീവിച്ചു



## താളം തെറ്റിയ ജീവിതം

**ബിജു ബാബു**

പുഴയുടെയും പച്ചപ്പുകളുടെയും ഇടയിൽ ആയിരുന്നു രാമുവിൻരെ വീട്. അവന്-
ഒരേ ഒരു മോളായിരുന്നു. സുമിത്ര അവളുടെ അമ്മനേരത്തേ മരിച്ചു . പിന്നെ അവളുടെ കാര്യങ്ങൾ എല്ലാം നോക്കുന്നത് അവളുടെ അച്ഛനായിരുന്നു. രാമു തൻറെ മോളെ കല്യാണം കഴിപ്പിച്ചു വിട്ടു, അവളുടെ ഭർത്താവായിരുന്നു രാജൻപിള്ള. രാജൻപിള്ളയ്ക്ക്പ്രായം ചെന്ന അമ്മയും അഛനും ഉണ്ട്.
രാജൻപിള്ളയുടെയും സുമിത്രയുടെയും കല്യാണം കഴിഞ്ഞ്ഞിട്ട് രണ്ടു വർഷം ആയി.
കല്യാണത്തിന് ശേഷം അവരുടെ അച്ഛൻ മരിച്ചു.അതിൻ്റ വിഷമം സഹിക്കാർ അവർക്കായില്ല. ഇതിനു മുൻപ് രാജൻപിള്ളയുടെ അച്ഛനും അമ്മയും മരിച്ചു. അതിൻ്റെ വിഷമം സഹിക്കാനാകാതെ രാജൻപിള്ള മദ്യപാനിയായി. പിന്നെ രാജൻപ്ിള്ള ആ വിട്ടിൽ നിന്ന് ഇറങ്ങിപ്പോയി.
മൂന്ന് നാല് ദിവസതതിനു ശേഷം രാജൻപിള്ള അവിടെ വന്നു. ആരും അദ്ദേഹത്തെ കണ്ടതിയി നടിച്ചില്ല.
മദ്യപാനികളെ ആരും ഇഷ്ടപ്പെടില്ല എന്ന സത്യം രാജൻപിള്ള അവസാനം മനസ്സിലാക്കി.

**സന്ദേശം**

**ഈ ഭൂലോകത്തിലെ എല്ലാ മനുഷ്യർക്കും മദ്യപാനം ആരോഗ്യത്തിനു ഹാനികരമാണ്**



## ജീവിതം ഒരു പാഠം

**ജിൻസി**



**ന**മ്മുടെ കഥയിലെ നായകനാണ് ശങ്കരൻകുട്ടി. ശങ്കരൻകുട്ടിയുടെ ഹോബി യാണ് കൊച്ചുകുട്ടികളുടെകൂടെ കളിക്കുന്നത്. ശങ്കരൻകുട്ടി ഒരു ലോറി ക്ലീനറായിരുന്നു. അതുകൊണ്ട് തന്നെ നാട്ടുകാരെലാം കൂടി അയാളെ കല്യാണം കഴിപ്പിച്ചു. എന്നാലെങ്കിലും നന്നാവട്ടെ എന്നായിരുന്ന നാട്ടുകാർ പറഞ്ഞത്. പക്ഷെ എന്നിട്ടും അവൻ പഴയ അവസ്ഥയിൽ തന്നെ ആയിരുന്നു. ശങ്കരൻകുട്ടി വിവാഹം കഴിച്ചത് ശങ്കരൻകുട്ടിയുടെ അച്ചൻറെ കൂട്ടുക്കാരൻറെ മകളെ ആണ് ശാന്തമ്മ. അതാണ് അവളുടെ പേര്. എല്ലാ ദിവസവും ശങ്കരൻകുട്ടി മദ്യപിച്ചിട്ട് വന്ന് ശാന്തമ്മയെ അടിക്കുകയും തൊഴിക്കുകയും ഒക്കെ ചെയ്യും . പക്ഷെ ശാന്തമ്മ ആണെങ്കിൽ എല്ലാം സഹിച്ച് ജീവിച്ചു. ഒരു ദിവസം ശാന്തമ്മ പറഞ്ഞു "എനിക്ക് വയ്യ ഇങ്ങനെ ജീവിക്കാൻ " അങ്ങനെ പറഞ്ഞും കൊണ്ട് ശാന്തമ്മ ശാന്തമ്മയുടെ വീട്ടിലേക്ക് പോയി. കുറെ ദിവസങ്ങൾക്കു ശേഷം ശങ്കരൻകുട്ടിയുടെ സ്വഭാവത്തിന് മാറ്റം വരാൻ തുടങ്ങി. എന്നിട്ട് അവൻ ശാന്തമ്മയുടെ വീട്ടിൽ പ്പോയി ശാന്തമ്മയോട് മാപ്പ് പറഞ്ഞു. എന്നിട്ട് ശാന്തമ്മയെ തിരികെ വീട്ടിൽ വിളിച്ചു കൊണ്ടു വന്നു പിന്നിട്ശങ്കരൻകുട്ടി മദ്യപിച്ചിട്ടില്ല. ഇപ്പോൾ ശങ്കരൻകുട്ടിയും കുടുംബവും സുഖമായി ജീവിക്കുന്നു.

# _ഇമോജി

## _അഭിരാം

സോഷ്യൽ മീഡിയയിലും ഓൺലൈൻ ആശയവിനിമയ സംവിധാനങ്ങളിലും വികാരങ്ങളെ പ്രതിനിധികരിക്കാൻ ഉപയോഗിക്കുന്ന കുഞ്ഞുചിത്രങ്ങളാണ് ഇമോജി എന്നറിയപ്പെടുന്നത് ,സന്തോഷമാകട്ടെ, ദുഃഖമാകട്ടെ സ്മൈലികളെപോലെ കുഞ്ഞുമുഖങ്ങളാണ് വികരാങ്ങൾ പ്രകടിപ്പിക്കാൻ ഓൺലൈനിൽ ഇന്ന് ഉപയോഗിക്കുന്നത് .ടെക്സ്റ്റ് ചെയ്യുന്നതിനേക്കാൾ വളരെ എളുപ്പത്തിൽ നമ്മുടെ സന്ദേശം ഇമോജികൾക്ക് കൈമാറും.എല്ലാതരം ചിത്രങ്ങളും ഇമോജികളിലുണ്ട്.



## ബന്തിപ്പൂ (Marigold)വിശേഷങ്ങൾ



### അപർണ പി എസ്

**ബന്തി**പ്പൂക്കൾക്ക് പൂജാപുഷ്പങ്ങളായും അലങ്കാരപുഷ്പങ്ങളായും മാത്രമല്ല പ്രസക്തിയുള്ളത്. ബന്ദി ഒരു ഔഷധപുഷ്പം കൂടിയാണ്.

**ബന്തിയുടെ ഗുണങ്ങൾ**

1. സൂര്യതാപം, തൊലിവിണ്ടുകീറൽ മുഖക്കുരു തുടങ്ങി പല ത്വക്ക് രോഗങ്ങൾക്കും ബന്തിപ്പൂവ് അരച്ചുപുരട്ടുന്നത് ഗുണം ചെയ്യും.
2. ഉണക്ക ബന്തിപ്പൂവ് തിളപ്പിച്ചുണ്ടാക്കുന്ന ഔഷധചായ അൾസർ ,അസിഡിറ്റി ,ഗ്യാസ് എന്നിവ ശമിപ്പിക്കും,ആർത്തവ വേദന കുറയ്ക്കും.
3. ബന്തിപ്പൂവിൽ നിന്നുണ്ടാകുന്ന കാലെൻഡുല ഡ്രോപ്പ്സ് ജലഗോഷരോഗങ്ങൾക്ക് ഔഷധമായി ഹോമിയോയിൽ ഉപയോഗിക്കുന്നു.
4.ബന്തിയിലെ ഘടകങ്ങൾ മികച്ച നിരോക്സീകാരികളാണ്.
5. സന്ധിവീക്കം മാറ്റാൻ ഫലപ്രദം.
6.ബന്തിച്ചായ ശരീരശുദ്ധി ഉണ്ടാക്കുന്നു.

### ബന്തിച്ചായ ഉണ്ടാക്കാം

2 ടീസ്പൂൺ ഉണക്ക ബന്തിപ്പൂവ് 200 മില്ലിമീറ്റർ വെള്ളത്തിൽ തിളപ്പിക്കുക. കുടത്തിലിട്ട് വാവട്ടം മൂടി 10-15 മിനിട്ടാണ് തിളപ്പിക്കേണ്ടത് .ബന്തിച്ചായ തയ്യാറായി .നല്ലൊരു ആരോഗ്യ പാനീയമാണിത്.



## ജൈവകൃഷിയിൽ മുന്നേറാം

**അശ്വതി കൃഷ്ണ**



പതിറ്റാണ്ടുകളായി ദോഷകരമായ കൃഷിരീതികൾ അനുവർത്തിച്ചതിലൂടെ മണ്ണിന്റെ വളക്കൂറും മണ്ണിലെ സൂക്ഷ്മാണുക്കളും നഷ്ടപ്പെട്ടു. അത് സുരക്ഷിത ഭക്ഷ്യോല്പാദനത്തിനും വെല്ലുവിളിയായി.കീടനാശിനികളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ഇന്നെല്ലാവർക്കുമറിയാം. അതുകൊണ്ട് നമുക്ക് ജൈവകൃഷിയിലേയ്ക്ക് ചുവടുറപ്പിക്കാം. ഉത്തമ കൃഷിരീതികൾ പാലിച്ചുകൊണ്ട് വിഷരഹിത പഴം, പച്ചക്കറികൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള കൂട്ടായ പരിശ്രമംനമുക്കു വേണം. ജൈവവളങ്ങളുടേയും ജൈവകീടനാശിനികളുടേയും ഉപയോഗം വ്യാപകമാക്കി കൂട്ടായ പ്രവർത്തനങ്ങളിലൂടെ  ഉത്തമകൃഷി രീതി നാം അനുവർത്തിക്കണം.

### ജൈവകൃഷി പരിശീലിപ്പിക്കാൻ ഫാം സ്കൂൾ

**ജൈവകാർഷികപ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും ബോധവൽക്കരണപരിപാടികൾക്കുമായി ബ്ളോക്കുതലത്തിൽ ഫാം സ്കൂളുകൾ കൃഷിവകുപ്പിൻറെ കീഴിൽ ഈ വർഷം തുടങ്ങുന്നതാണ്.ഫാം സ്കൂളുകൾ പരിശീലനപരിപാടികളിലൂടെ ജൈവകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും കർഷകർക്ക് അതുമൂലമുണ്ടാകുന്ന ഗുണത്തെക്കുറിച്ചും അറിവുപകരുന്നതാണ്.**

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# Little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ

# ഐ.ടി കൂട്ടായ്മ

- വിവിധ പരിശീലനങ്ങൾ
- വിദഗ്ധരുടെ ക്ലാസുകൾ
- ഇൻഡസ്ട്രിയൽ വിസിറ്റുകൾ
- ക്യാമ്പുകൾ



- അനിമേഷൻ
- പ്രോഗ്രാമിങ്
- മൊബൈൽ ആപ്പ് നിർമ്മാണം
- ഗ്രാഫിക് ഡിസൈനിങ്
- മലയാളം കമ്പ്യൂട്ടിങ്
- ഹാർഡ്‌വെയർ
- ഇലക്ട്രോണിക്സ്
- റോബോട്ടിക്സ്
- സൈബർ സുരക്ഷ
- വെബ് ടി.വി

- മികവു പുലർത്തുന്നവർക്ക് എ, ബി, സി ഗ്രേഡുകൾ

യൂണിറ്റ് ആരംഭിക്കാൻ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 2018 ഫെബ്രുവരി 24**

**ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ**

വിശദവിവരങ്ങൾക്ക് www.kite.kerala.gov.in സന്ദർശിക്കുക

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്),
പൂജപ്പുര, തിരുവനന്തപുരം 12, ഫോൺ: 0471 2529800, ഫാക്സ്: 2529810
contact@kite.kerala.gov.in

KITE VICTERS
victers.itschool.gov.in
സമ്പൂർണ്ണ വിദ്യാഭ്യാസ ചാനൽ

# ഉയരുന്ന പൊതുവിദ്യാലയങ്ങൾ

1. പഠനവിഭവങ്ങൾക്ക് 'സമഗ്ര 'ഇ -റിസോഴ്സ് പോർട്ടൽ
   www.samagra.itschool.gov.in

2. ഒരുലക്ഷം സ്കൂൾ കുട്ടികളുടെ ഐ.ടി കൂട്ടായ്മ 'ലിറ്റിൽ കൈറ്റ്സ്''
3. വിദ്യാലയ ചരിത്രവും കുട്ടികളുടെ സൃഷ്ടികളും ഉൾപ്പെടുത്താൻ 'സ്കൂൾ വിക്കി'
   www.schoolwiki.in
4. 4775 സെക്കണ്ടറി, ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ 45000 ഹൈടെക്ക് ക്ളാസ്സുറികൾ
5. വൈവിധ്യമാർന്ന വിദ്യാഭ്യാസ പരിപാടികളോടൊപ്പം ക്ളാസിക്ലിനിമകളും കലോൽസവ ഇനങ്ങളും 'വിക്ടേഴ്സ്'ചാനലിൽ.
   www.victers.itschool.gov.in